പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 2764 — 10-07-2015 ൽ മറുപടിക്ക്

കൊയ്ത്തുമെതി യന്ത്രങ്ങൾ

ചോദ്യം — ശ്രീ. ജി. സുധാകരൻ

ഉത്തരം — ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് കൊയ്ത്തുമെതി യന്ത്രങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;<br><br>ബി) ആലപ്പുഴ ജില്ലയ്ക്ക് എത്ര കൊയ്ത്തുമെതിയന്ത്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്; ഈ യന്ത്രങ്ങളുടെ ഉടമസ്ഥാവകാശവും സംരക്ഷണവും ഏത് ഏജൻസിക്കാണ്; വ്യക്തമാക്കാമോ; | (എ) യും (ബി) യും | ആലപ്പുഴ ജില്ലയിലെ നെൽകർഷകർ കെയ്കോ യന്ത്രങ്ങൾ മുഖേനയും പ്രൈവറ്റ് യന്ത്രങ്ങൾ മുഖേനയും ആണ് നിലവിൽ കൊയ്ത്ത് നടത്തുന്നത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അമ്പലപ്പുഴ ഓഫീസിന്റെ ഉടമസ്ഥാവകാശത്തിലും സംരക്ഷണത്തിലും 65 കൊയ്ത്തുമെതി യന്ത്രങ്ങളാണ് ഉള്ളത്. |
| (സി) എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പാടശേഖര സമിതികൾക്ക് കൊയ്ത്തുമെതി യന്ത്രങ്ങൾ നൽകുന്നത്; | (സി) | പാടശേഖര സമിതിയുടെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന അപേക്ഷയോടൊപ്പം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് നൽകുന്ന അപേക്ഷ ഫോമും ചേർത്ത് പാടശേഖരം സ്ഥിതിചെയ്യുന്ന സ്ഥലത്തെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ കൊയ്ത്തുമെതി യന്ത്രങ്ങൾ അനുവദിക്കുകയും പാടശേഖരത്തിലെ പ്രസിഡന്റ്/സെക്രട്ടറിയുമായി മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഉണ്ടാക്കി കൊയ്ത്തുമെതി യന്ത്രങ്ങൾ ഇവർക്ക് വാടകയ്ക്ക് നൽകുകയും ചെയ്യുന്നു. |
| (ഡി) കൊയ്ത്തുമെതിയന്ത്രങ്ങൾക്ക് ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള കൊയ്ത്തുമെതി യന്ത്രങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ആലപ്പുഴയിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്തുമെതിയന്ത്രങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | കുട്ടനാട് പ്രദേശത്തേയ്ക്ക് അനുയോജ്യമായത് 'ക്ലാസ് 'കൊയ്ത്തുമെതി യന്ത്രങ്ങളാണ്. അത് ഇപ്പോൾ ഇവിടെ പ്രശ്നരഹിതമായി ഉപയോഗിച്ചുവരുന്നു. എന്നാൽ പൊക്കാളി മേഖലയിൽ കൊയ്ത്ത് |

| | | |
|---|---|---|
| | | എടുക്കാൻ കഴിയുന്ന ഭാരം കുറഞ്ഞതും ഫ്ലോട്ടിംഗ് രീതിയിലുള്ളതുമായ യന്ത്രങ്ങൾ രൂപ കല്പന ചെയ്യേണ്ടതുണ്ട്. |
| (എഫ്) കൊയ്ത്തു സീസണിൽ കൊയ്ത്തുമെതിയന്ത്രങ്ങൾ വാടകയ്ക്ക് എടുക്കാറുണ്ടോ; ഏത് ഏജൻസികളാണ് യന്ത്രങ്ങൾ വാടകയ്ക്ക് എടുത്ത് കർഷകർക്ക് നൽകുന്നത്; വിശദമാക്കാമോ; | (എഫ്) | ഉണ്ട്. പ്രൈവറ്റ് ഏജന്റുമാർ അന്യ സംസ്ഥാനങ്ങളിൽ നിന്ന് പ്രധാന സീസണുകളിൽ യന്ത്രങ്ങൾ എത്തിക്കുന്നുണ്ട്. ജില്ലാ ഭരണ കൂടത്തിന്റെ മേൽനോട്ടത്തിൽ ഇതിന് നിരക്ക് നിശ്ചയിക്കുകയും പാടശേഖര സമിതികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്തുവരുന്നു. |
| (ജി) സീസണുകളിൽ അന്യ ജില്ലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊയ്ത്തുമെതിയന്ത്രങ്ങൾ എത്തിച്ച് സ്വകാര്യ വ്യക്തികൾ കർഷകരിൽ നിന്നും വൻ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ജി) | ഉണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊയ്ത്തുമെതിയന്ത്രങ്ങൾ എത്തിച്ച് സ്വകാര്യ വ്യക്തികൾ കർഷകർക്ക് നൽകുമ്പോൾ കാലാവസ്ഥാ വ്യതിയാനം അനുസരിച്ചും മെഷീന്റെ ലഭ്യതക്കുറവ് മുതലെടുത്തും കൂടുതൽ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വ്യാപകമായി അങ്ങനെ ആക്ഷേപമില്ല. പ്രശ്നങ്ങൾ സമയാസമയം പരിഹരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ആഫീസർ, പോലീസ് ആഫീസർ എന്നിവർ അടങ്ങിയ പ്രാദേശിക സമിതി രൂപീകരിച്ച് തീർപ്പാക്കുവാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ